ദാരിദ്ര്യ രേഖയ്ക്കുതാഴെയുള്ള കുടുംബങ്ങൾ

609 [814] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

ഉത്തരം

ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള കുടുംബങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

തിരുവനന്തപുരം	1,74,259
കൊല്ലം	1,79,853
പത്തനംതിട്ട	73,323
എറണാകുളം	1,51,373
ആലപ്പുഴ	1,43,539
കോട്ടയം	1,10,163
തൃശൂർ	1,27,672
പാലക്കാട്	1,20,150
മലപ്പുറം	1,52,419
കോഴിക്കോട്	1,30,456
വയനാട്	34,010
കണ്ണൂർ	84,631
കാസർകോട്	45,136
ഇടുക്കി	53,132

ഐ.ആർ.ഡി.പി. ഗുണഭോക്താക്കൾ

610 [815] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985–86 വർഷത്തിൽ ഐ.ആർ.ഡി.പി. പരിപാടികളുടെ പ്രയോജനം സംസ്ഥാനത്ത് എത്ര കുടുംബങ്ങൾക്ക് കിട്ടണമെന്നായിരുന്നു ലക്ഷ്യം;

(ബി) അതിൽ എത്ര കുടുംബങ്ങൾക്ക് കിട്ടി?

ഉത്തരം

(എ) 1985–86 വർഷത്തിൽ ഐ.ആർ.ഡി.പി. പരിപാടികളുടെ പ്രയോജനം മൊത്തം 86017 കുടുംബങ്ങൾക്ക് കിട്ടണമെന്നായിരുന്നു ലക്ഷ്യം.

(ബി) അതിൽ 71376 കുടുംബങ്ങൾക്ക് 1985–86–ൽ പ്രയോജനം കിട്ടി.

ഐ.ആർ.ഡി.പി., ആർ.എൽ.ഇ.ജി.പി., എൻ.ആർ.ഇ.പി. എന്നീ പദ്ധതികളിലായി കേന്ദ്രം അനുവദിച്ച സംഖ്യ

611 [817] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986–87 വർഷത്തിൽ ഐ.ആർ.ഡി.പി., ആർ.എൽ.ഇ.ജി.പി., എൻ.ആർ.ഇ.പി. എന്നീ പദ്ധതികളിലായി കേന്ദ്രം അനുവദിച്ച സംഖ്യ എത്രവീതം;

LIBRARY ARCHIVES Kerala Legislative Assembly